ക്കുന്ന കാര്യമാണോ? സാംസ്ക്കാരിക പ്രവർത്തനത്തോടുകൂടിയതാണ് നമ്മുടെ ദേശീയ പ്രസ്ഥാനം. കോൺഗ്രസ് തുടങ്ങിയ പ്രസ്ഥാനങ്ങൾ വരുന്നതിനുമുമ്പ് നവോത്ഥാന പ്രസ്ഥാനത്തിന്റെ സാംസ്ക്കാരിക നായകന്മാരുണ്ടാക്കിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് കേരളത്തിന്റെയും ഇന്ത്യയുടേയും ചരിത്രത്തിൽ വളരെ പ്രാധാന്യമുണ്ട്. അതുമായി ബന്ധപ്പെട്ട സാംസ്ക്കാരിക സംഘടനകൾ സഹായത്തിന് അഭ്യർത്ഥിച്ചാൽ കൊടുക്കേണ്ടതല്ലേ? അതേ ഗവണ്മെന്റ് ചെയ്യുന്നുള്ളൂ. ഏതെങ്കിലുമൊരു രാഷ്ട്രീയ സംഘടനയ്ക്ക് ധനസഹായം കൊടുത്തതായി ശ്രീ. വിജയകുമാർ തന്നെ ചൂണ്ടിക്കാണിക്കട്ടെ.

ശ്രീ. എൻ. അനിരുദ്ധൻ : കഥകളി പോലുള്ള പ്രശസ്തമായ കലാരൂപങ്ങളിൽ പ്രവർത്തിച്ച് ചിരപ്രതിഷ്ഠ നേടി ഇപ്പോൾ അവശരായി കഴിയുന്ന കലാകാരന്മാർക്ക് ഗവണ്മെന്റിൽ നിന്ന് ധനസഹായം നൽകുന്നതായി അറിയാൻ കഴിഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ സുപ്രസിദ്ധ കഥകളി നടൻ ചിറക്കര മാധവൻകുട്ടി അവശനായി കഴിയുന്ന ആളാണ്. അദ്ദേഹം അപേക്ഷ സമർപ്പിച്ചിരുന്നു. ആ അപേക്ഷയിന്മേൽ തീരുമാനമെടുത്തില്ലെന്നു കാണിച്ച് പരാതി സമർപ്പിച്ചിട്ടുണ്ട്. അത്തരം പരാതികൾ പരിഗണിക്കുകയും അതിന് അടിയന്തിരമായി പരിഹാരം കാണുകയും ചെയ്യുന്നതിന് ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ഇത്തവണ അപേക്ഷ ക്ഷണിച്ച തീയതി കഴിഞ്ഞതിനുശേഷവും വീണ്ടും തീയതി നീട്ടിക്കൊടുത്തു. അതിന്റെയടിസ്ഥാനത്തിൽ കഥകളി നടന്മാരും മറ്റും അപേക്ഷിക്കേണ്ടത് നമ്മുടെ കലാമണ്ഡലം വഴിയാണ്. അതുപോലെ സംഗീത നാടക അക്കാദമികളിൽ ബന്ധപ്പെട്ട കലാകാരന്മാർ അപേക്ഷിക്കേണ്ടതും അതു വഴിയാണ്. അതുവഴിക്കുള്ള ആയിരത്തിൽപ്പരം അപേക്ഷകൾ ശുപാർശ ചെയ്ത് നമ്മുടെ ഓഫീസിൽ വന്നിട്ടുണ്ട്. അങ്ങനെ ശുപാർശ ചെയ്ത് വരുന്ന അപേക്ഷകർക്ക് മുഴുവനും ധനസഹായം ചെയ്യുന്ന പതിവാണ് നമുക്കുള്ളത്. ആ ധനസഹായം മുമ്പത്തേക്കാളും കൂടുതൽ ഈ ഗവണ്മെന്റ് വന്നതിനുശേഷം നൽകുന്നുണ്ട്. അതു നൂറു രൂപ കൂടി വർദ്ധിച്ചിട്ടുണ്ട്.

**4 (*288) സംസ്ഥാനത്തെ നദികളിൽ നിന്നും അന്യ സംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ട് പോകുന്നത് തടയാൻ സംവിധാനം**

ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും അന്യ സംസ്ഥാനങ്ങൾ ജലം കടത്തിക്കൊണ്ടു പോകുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പ-അച്ചൻകോവിൽ നദികളിൽ നിന്ന് തമിഴ്നാട്ടിലേക്ക് ജലം കടത്തിക്കൊണ്ടു പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാർ നടത്തിയ അന്വേഷണത്തിന്റെ നിഗമനങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഇ) പമ്പ, അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്ന നടപടി തുടർന്നാൽ മധ്യതിരുവിതാംകൂറിൽ ജലക്ഷാമം രൂക്ഷമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത നദികളിൽ നിന്നും ജലം കടത്തിക്കൊണ്ടു പോകുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള):

(എ) അന്യസംസ്ഥാനങ്ങൾ കേരളത്തിൽ നിന്നും ജലം കടത്തിക്കൊണ്ടു പോകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ തൃശ്ശൂർ ഇൻവെസ്റ്റിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് പ്രദേശത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ആഫീസർമാരുമായി ഒരു സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വനംവകുപ്പു അതിർത്തി വനമേഖലകളിൽ ജാഗ്രത പുലർത്തി വരുന്നുമുണ്ട്.

(ബി)-(ഡി) റാന്നി വനം ഡിവിഷനിൽപ്പെടുന്ന തമിഴ്നാട് അതിർത്തിയോടു ചേർന്നുള്ള ഊറനി ചതുപ്പിൽ നിന്നും തോടുവെട്ടി വെള്ളം കൊണ്ടു പോകാനും അച്ചൻകോവിൽ ഡിവിഷനിൽപ്പെടുന്ന തമിഴ്നാട് അതിർത്തിയോട് ചേർന്നു മംഗളാ നദിയുടെ ഉത്ഭവസ്ഥാനത്തിനു സമീപം ചെറുനീർച്ചാലുകളിൽ മൺകൂനകൾ ഉണ്ടാക്കി ജലം കടത്തുവാനും വർഷങ്ങൾക്കു മുമ്പ് തമിഴ്നാട് നടത്തിയ ശ്രമങ്ങൾ വനം വകുപ്പിന്റെ സമയോചിതമായ ഇടപെടൽ മൂലം തടയുകയുണ്ടായി.

(ഇ)-(ജി) ഈ നദികളിൽ നിന്നും ജലം കടത്തിക്കൊണ്ടുപോകുവാൻ അനുവദിക്കാത്തതിനാലും മുകളിലെ മറുപടിയുടെ വെളിച്ചത്തിലും ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : നമ്മുടെ സംസ്ഥാനത്തിന്റെ വളരെ പ്രധാനപ്പെട്ട സമ്പത്തായ നദീജലം അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്ന പ്രശ്നം മനസ്സിലാക്കുന്നതിനുവേണ്ടി തൃശ്ശൂർ ഡിവിഷൻ ഇൻവെസ്റ്റിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായിക്കൊണ്ട് ഒരു സംവിധാനമുണ്ടാക്കിയിട്ടുണ്ടെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ടമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. അതിൻകീഴിൽ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ? വെള്ളം കൊണ്ടുപോകുന്നതിനുള്ള നിലപാടുകൾ ഒഴിവാക്കുന്നതിന്, ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനം ഉദ്യോഗസ്ഥ സംവിധാനത്തോടൊപ്പം തന്നെ ബഹുമാനപ്പെട്ട മന്ത്രിയും മുൻകൈ എടുത്തുകൊണ്ട് ജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട്, ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനത്തിന് ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : പലയിടത്തും ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തിയതിനുശേഷം ഗവണ്മെന്റിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇപ്പോഴും മാസാമാസം റിപ്പോർട്ടുകൾ സമർപ്പിക്കുന്നുണ്ട്. ഒരു ബണ്ടു നശിപ്പിച്ചതു ജനങ്ങളുടെകൂടി സഹായത്തോടെ വനംവകുപ്പു ചെയ്തതാണ്. അതുപോലെ ഇത്തരം പ്രവർത്തനങ്ങൾക്ക് വേണ്ടിവന്നാൽ ജനങ്ങളുടെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : നദീജലപ്രശ്നം ഇപ്പോഴും പരിഹരിക്കപ്പെടാതെ തുടരുകയാണ്. ഈ നദീജലപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്നു രാഷ്ട്രീയമായി നമുക്കനുകൂലമായ ഘടകം കർണ്ണാടകത്തിലും തമിഴ്നാട്ടിലുമുൾപ്പെടെയുണ്ടെന്നുള്ളതാണ് വസ്തുത. അതു വച്ചുകൊണ്ട് ഒരു രാഷ്ട്രീയ നീക്കം നടത്തുന്നതിന് ഗവണ്മെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അങ്ങനെയൊരു അനുകൂല കാലാവസ്ഥയുണ്ടെന്നു ഗവണ്മെന്റിനു തോന്നിയിട്ടില്ല. കേരളത്തിലെ ജലം കടത്തിക്കൊണ്ടു പോകുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

ശ്രീ. ജോസ് ബേബി : നമ്മുടെ സംസ്ഥാനത്തെ നദികളിൽ നിന്ന് അന്യ സംസ്ഥാനങ്ങളിലേക്ക് ജലം കടത്തിക്കൊണ്ടു പോകുന്ന അനുഭവങ്ങൾ രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതു വസ്തുതയാണ്. നമ്മുടെ നാട്ടിൽ പഴയ രീതിയിൽ ഇനി നമുക്കു വെള്ളം കിട്ടില്ല. മഴ കുറഞ്ഞു വരികയാണ്. നമ്മുടെ പുഴകളിൽ വെള്ളം കുറവായിക്കൊണ്ടിരിക്കുന്നു. തമിഴ് നാടാണെങ്കിൽ നമ്മുടെ പല പ്രദേശങ്ങളിൽ നിന്നും വെള്ളം മറിച്ചു കൊണ്ടുപോകുന്നു. ഭവാനി പുഴയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അട്ടപ്പാടിയുടെ പല പ്രദേശങ്ങളും ഭവാനി പുഴയുടെ തീരപ്രദേശങ്ങളായി വരും. ആ ഭവാനി പുഴയുടെ സൈഡിൽ വളരെ മനോഹരമായ രീതിയിൽ തമിഴ്നാട് പ്രത്യേകമായി ചെക്കുഡാം പോലെ കെട്ടി വെള്ളം തമിഴ്നാട്ടിലേയ്ക്ക് മറിച്ച് കൊണ്ടുപോകുകയാണ്. അതു മാത്രവുമല്ല നമ്മുടെ സംസ്ഥാനത്തിനർഹതപ്പെട്ട വെള്ളം പോലും അവർ മറിച്ചു കൊണ്ടുപോകുന്ന സ്ഥിതിവിശേഷം പല പ്രദേശത്തുമുണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ വകുപ്പും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഇക്കാര്യത്തിൽ കാണിക്കുന്ന അലംഭാവം ഇനിയും നീക്കിയില്ലെങ്കിൽ കേരളത്തിലെ പുഴകളിലും നദികളിലും ജലസംഭരണികളിലും വെള്ളം ലഭിക്കില്ല എന്ന ഗൗരവകരമായ സ്ഥിതിവിശേഷമുണ്ടാകും. ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ വളരെ ശക്തമായ നടപടിയെടുക്കുവാൻ സംസ്ഥാന ഗവണ്മെന്റു തയ്യാറുകമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഗവണ്മെന്റ് ഇക്കാര്യത്തിൽ ഒരു അനാസ്ഥയും കാണിക്കുന്നില്ല. തമിഴ്നാട് നമ്മുടെ പല അതിർത്തി മേഖലകളിൽ നിന്നും വെള്ളം കടത്തിക്കൊണ്ടു പോകുന്നുവെന്നത് ഒരു പ്രചരണം മാത്രമാണ്. ഡിപ്പാർട്ടുമെന്റും വനം വകുപ്പും ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്. വളരെ വേഗം വെള്ളം കടത്തിക്കൊണ്ടു പോകാൻ കഴിയുന്ന രണ്ടു നദികളാണ് പമ്പയും, അച്ചൻകോവിലാറും. അവിടെ പരിസ്ഥിതി സംരക്ഷണം കണക്കാക്കി അധിക ജലം തമിഴ്നാടിനു നൽകണമെന്നുള്ള ഒരു വാദഗതിയുണ്ട്. അതിനെ സംബന്ധിച്ച് പരിശോധന നടത്തിനോക്കിയപ്പോൾ അധികജലം കൊടുക്കാൻ നമുക്കില്ലെന്നു മനസ്സിലായി. ആയതിനാൽ മേൽപ്പറഞ്ഞ നദികളിൽ നിന്ന് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ജലം യാതൊരു വിധത്തിലും നൽകുന്നതിനോട് ഗവണ്മെന്റ് യോജിക്കുന്നില്ല. ജലം അവിടെ നിന്നും കടത്തി



LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടുപോകുന്നുവെന്നുള്ളത് വെറുമൊരു പ്രചരണം മാത്രമാണ്. നമ്മുടെ അനുമതിയില്ലാതെ അങ്ങനെ ചെയ്യാൻ പറ്റില്ല. ഭവാനി പുഴയെ സംബന്ധിച്ച് പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. എൻ. കണ്ണൻ : സർ, കോഴിക്കോട് മലപ്പുറം ജില്ലകളിലെ പ്രധാനപ്പെട്ട ഒരു നദിയാണ്. ചാലിയാർ. ചാലിയാറിലേയ്ക്ക് വരുന്ന രണ്ടു പോഷക നദികളിൽ നിന്നും തമിഴ്നാട് അതിർത്തിയിൽ ഗൂഡല്ലൂരിൽ തടയണകെട്ടി തമിഴ്നാട്ടിലേക്ക് വെള്ളം കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സബ്മിഷൻ ഉന്നയിച്ച് മന്ത്രി മറുപടിയും പറഞ്ഞിരുന്നു. അങ്ങനെ ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. അത് തടയുന്നതിനു വേണ്ടി നമ്മുടെ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് എന്തെങ്കിലും ചെയ്യുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : അതിനെ സംബന്ധിച്ച് പ്രത്യേക ചോദ്യം ചോദിച്ചാലെ മറുപടി പറയാൻ സാധിക്കുകയുള്ളൂ. എനിക്ക് തോന്നുന്നത് മുക്കാലി പ്രോജക്ട്, അതിനുവേണ്ടിയാണ് ആരംഭിക്കാൻ ശ്രമിക്കുന്നത്. അതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തിയിട്ടുണ്ട്. മുക്കാലി പ്രോജക്ട് അതിന് പോംവഴിയാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. പി. രാജു : സർ, നമ്മുടെ സംസ്ഥാനത്തെ നദികളിൽ നിന്നും അന്യസംസ്ഥാനങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നത് തടയാൻ കഴിയാതെ വന്നിരിക്കുകയാണ്. അതിനേക്കാൾ വളരെ പ്രധാനപ്പെട്ടത് നമ്മുടെ സംസ്ഥാനത്തുള്ള വെള്ളം തന്നെ സംഭരിക്കാൻ ആവശ്യമായ എന്തെങ്കിലും ജലനയം ഈ ഗവണ്മെന്റിനുണ്ടോ? ഉണ്ടെങ്കിൽ അതിനെക്കുറിച്ച് വിദഗ്ദ്ധമായി ചർച്ച ചെയ്ത് രണ്ടോമൂന്നോ വർഷം കൊണ്ട് ഭാഗികമായി തുടങ്ങാൻ കഴിയുമോ? നമ്മുടെ ജലസമ്പത്ത് മുഴുവൻ, അതായത് പല നദികളും ഇപ്പോൾ മലിനമായിക്കൊണ്ടിരിക്കുകയാണ്. അത് സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പ്രത്യേകിച്ച് പെരിയാർ പോലെയുള്ള നദികളിലെ വെള്ളം സംരക്ഷിക്കണം. കേരളത്തിലെ പ്രധാനപ്പെട്ട പല നദികളും ദിവസം കഴിയുംതോറും മലിനമായിക്കൊണ്ടിരിക്കുകയാണ്. അത് സംരക്ഷിക്കുന്നതിനും ജലം ശേഖരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമേറിയ പ്രശ്നം തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് 44 നദികളും, 30-ഓളം കായലുകളും, 5 ശുദ്ധജല പദ്ധതികളുമുണ്ട്. രണ്ട് കാലഘട്ടങ്ങളിലായി 300 സെന്റിമീറ്റർ വരെ വെള്ളം കിട്ടുന്നുണ്ട്. എന്നിട്ടും കേരളത്തിൽ ശുദ്ധജലക്ഷാമമെന്ന മുറവിളിയാണ്. അതൊരു യാഥാർത്ഥ്യമാണ്. അതിന് കാരണം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ നദികളും കായലുകളും, ശുദ്ധജല തടാകങ്ങളും സംരക്ഷിക്കുന്നതിനായി ബൃഹത്തായ ഒരു പദ്ധതിയുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നദികളും കായലുകളും സംരക്ഷിക്കപ്പെടാത്തതിന്റെ ഭാഗമായിട്ടാണ് മഴക്കാലത്ത് കിട്ടുന്ന വെള്ളം പോലും തടഞ്ഞ് നിർത്തി കൃഷിക്കുപയോഗിക്കാനോ, കുടിവെള്ളത്തിനായോ ഉപയോഗിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇപ്പോൾ ഗവണ്മെന്റ് കായലുകളേയും നദികളേയും സംരക്ഷിക്കുന്നതിന് ഒരു ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ ഏതെങ്കിലും സോഴ്സിൽ പണം കണ്ടെത്തി കൂടുതൽ സംരക്ഷണമേർപ്പെടുത്തുന്നതിന് ഗവണ്മെന്റ് ആലോചി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. അതിനെ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടുണ്ടാക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് നടപടികൾ സ്വീകരിച്ച് വരുകയാണ്.

ശ്രീ. കെ. പ്രകാശ് ബാബു : സർ. നമ്മുടെ സഹ്യപർവതത്തിന്റെ കിഴക്കൻ ചരിവുകളിൽ ചെറിയ ചെക്ക്ഡാം മുതൽ ഡാം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തമിഴ്നാട് ഗവണ്മെന്റ് ഇപ്പോൾ നടത്തിവരുന്നുണ്ട്. അത് നമുക്ക് തടയുവാൻ സാധിക്കുകയില്ല. സഹ്യപർവ്വതത്തിൽ നിന്നും കിട്ടുന്ന വെള്ളം മുഴുവൻ അതിന്റെ കിഴക്കൻ പ്രദേശങ്ങളിൽ സമാഹരിക്കുന്നതിന് വേണ്ടിയാണ് അവർ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ചെറിയ ചെക്ക്ഡാം മുതൽ വലിയ ഡാം വരെയുണ്ട്. സർ, അറിയാൻ കഴിഞ്ഞത് ഏതാണ്ട് നാൽപ്പതോളം പുതിയ ഡാമുകളുടെ പണി സഹ്യപർവ്വതത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ തമിഴ്നാട് അതിർത്തിയിൽ തമിഴ്നാട് ഗവണ്മെന്റ് നടത്തുന്നു എന്നാണ്. അതിലെ വെള്ളം കിട്ടുന്നതിനു വേണ്ടി സഹ്യപർവ്വതത്തിന്റെ കിഴക്കൻ ചരിവിൽ തമിഴ്നാട് അതിർത്തിയിൽ തന്നെ വലിയ പിറ്റുകളെടുത്താണ് ജലം സംഭരിക്കുന്നത്. അതിനെയൊന്നിനേയും നമുക്ക് തടയുവാൻ കഴിയുകയില്ല. സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറൻ ചരിവുകളിലെ വെള്ളം പൂർണ്ണമായും കേരള സംസ്ഥാനത്തിന് പ്രയോജനം ചെയ്യത്തക്ക വിധത്തിൽ സംഭരിക്കാനും. അത് തടഞ്ഞുനിർത്താനുമാവശ്യമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ? അച്ചൻകോവിൽ ഉൾപ്പെടെ ഇത് വളരെ ഗൗരവമായി ഗവണ്മെന്റ് കാണേണ്ടതാണ്. കേരളത്തിലെ ജനങ്ങളെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ ആ വെള്ളം പ്രയോജനപ്പെടുത്താൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, അങ്ങനെയൊരു പരാതി വന്നതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മൾ പരിശോധിക്കുകയുണ്ടായി. അങ്ങനെ പരിശോധനയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് അവരുടെ പ്രദേശത്ത് സഹ്യാദ്രിയുടെ മുകളിൽനിന്നും ഒഴുകിവരുന്ന വെള്ളം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ്. അതുപോലെ നമുക്കും ചെയ്യാൻ കഴിയുന്നതാണ്. ഈ പറയുന്ന പുതിയ പ്രോജക്ടുണ്ടാക്കുന്ന അവസരത്തിൽ സഹ്യാദ്രിയിൽ നിന്നും വരുന്ന വെള്ളം തടഞ്ഞ് നിർത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാം എന്നുള്ളത് പരിശോധിക്കുന്നതാണ്.

(ചോദ്യകർത്താവ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചോദ്യം നമ്പർ 289 ഉന്നയിച്ചില്ല.)

**5 (*290) മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. സത്യൻ മൊകേരി :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ് ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly